• അനുഭവക്കുറിപ്പ്

# അത് സുനാമിയല്ല, മഹാലക്ഷ്മിയാണ്

മുസ്തഫ ദേശമംഗലം

**ചില** മനുഷ്യരുടെ ദുരന്തങ്ങൾ, മനുഷ്യരെന്ന് സ്വയം വിശ്വസിക്കുന്ന ചിലർക്ക് ആഘോഷമാണ്. ഇത്തരം ഒരു ആഘോഷത്തിന്റെ നടുവിൽ നിന്നുകൊണ്ട് ദുരിത ബാധിതരുടെ നിലവിളികൾക്ക് കാതോർക്കുമ്പോൾ, സാധാരണമായ കുറച്ച് സംശയങ്ങൾക്ക് മനസ് സ്വമേധയാ വിധേയമാകുന്നു. ഇത്തരം വിധേയമാക്കപ്പെടലിനൊടുവിൽ നിലവിലുണ്ടെന്ന് പറയപ്പെടുന്ന, അല്ലെങ്കിൽ ഉദ്ഘോഷിക്കപ്പെടുന്ന ജനാധിപത്യ, സാമൂഹ്യ ധാരണകൾ ചോദ്യം ചെയ്യാനും ഒരു മനുഷ്യൻ നിർബന്ധിക്കപ്പെടുന്നു. ഏതു സാധാരണ മനുഷ്യനും കണ്ടെത്താവുന്ന, ചെറിയൊരു അനുഭവക്കുറിപ്പാണിത്.

കഴിഞ്ഞ വർഷത്തിന് യാത്ര പറയുന്ന ആഘോഷങ്ങൾക്ക് ലോകമാകെ ഒരുങ്ങിക്കഴിയവെയാണ് സുനാമിയെന്ന കടൽതിരമാലകൾ സുമാത്ര തീരത്തും, ശ്രീലങ്കയിലും തമിഴ്നാട്ടിലും കേരളത്തിലെ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിലും അടിച്ചുയർന്നത്.

കടലിനെ ആശ്രയിച്ചുമാത്രം ജീവിച്ചു പരിചയിച്ച, തിരിച്ചു കരയ്ക്കു വന്നാൽ കടലിനെ മാത്രം നോക്കിയിരുന്ന് സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവെച്ച് ജീവിച്ച കരുനാഗപ്പിള്ളിയിലെ ആലപ്പാട് പഞ്ചായത്തിലെ, ആഗോളവൽക്കരണത്തിന്റെ കെണിയിൽ കുരുങ്ങാത്ത കുറെ മനുഷ്യർ ജീവിതത്തിനും മരണത്തിനുമിടയിൽ ആശ്രയമറ്റവരെപ്പോലെ നിലവിളിച്ച നിമിഷങ്ങളായിരുന്നു അത്. 2003 ഡിസംബർ 26 ന് ഞായറാഴ്ച പകൽ 12 മണിയോടെയാണ് കടലിനും ചെറുകായലിനുമിടയിൽ താമസിച്ചുപോന്ന നാലിയിരത്തോളം കുടുംബങ്ങൾ കൂറ്റൻ തിരകൾക്കുമുമ്പിൽ നിസ്സഹായരായി നിന്ന്, ചിലർ തിരകൾക്കായി സ്വയം സമർപ്പിച്ചു. ചില അമ്മമാർ കൈകളിൽനിന്ന് സ്വന്തം കുട്ടികളെ തിരകൾ വാരിയെടുക്കുന്നതുകണ്ടു. ചിലർ ദിശയറിയാതെ ഓടിപ്പോയി, സമ്പാദ്യമെല്ലാം നിമിഷങ്ങൾകൊണ്ട് കടലായിത്തീരുന്നതു കണ്ടു. കുട്ടികളും മുതിർന്നവരുമായി 180 മനുഷ്യജന്മങ്ങൾക്ക് അവിചാരിതമായ അന്ത്യം നൽകി സുനാമി തിരിച്ചുപോയി. ട്രഷറികളും, ബോണ്ടുകളും മരവിപ്പിച്ച ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആലപ്പാട് സംഭവിച്ചത് സുനാമിയായിരുന്നില്ല. യഥാർത്ഥത്തിൽ മഹാലക്ഷ്മിതന്നെയായിരുന്നു അതെന്ന് ഇപ്പോൾ എനിക്ക് സംശയഭേദമെന്യേ ബോധ്യപ്പെട്ടു.

ദുരന്തത്തെത്തുടർന്ന് ചില സഹായങ്ങൾ ചെയ്യാൻ ഞാനും ആലപ്പാട് പഞ്ചായത്തിലെത്തി. കുറെ മനുഷ്യർ ആശുപത്രിയിലായിരുന്നു. വാക്കുകൾക്കും ഭാഷകൾക്കും അതീതമായ സങ്കടങ്ങൾക്കിടയിലൂടെ സഹായഹസ്തവുമായി വന്നവർ എന്തുചെയ്യണമെന്നറിയാതെ മരവിച്ചുനിന്നു. പിന്നീട് ദുരന്തബാധിതരായ 3500 ൽപരം കുടുംബങ്ങളെ പല സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ താൽക്കാലിക ക്യാമ്പുകളിലേക്ക് കൊണ്ടുപോയി. ആദ്യദിവസങ്ങളിൽ ക്യാമ്പുകളിൽ വിവിധ സംഘടനകളുടെ മത്സരമായിരുന്നു. താൽക്കാലിക ക്യാമ്പുകൾ തുടങ്ങി 10 ദിവസങ്ങൾക്കകം ബ്യൂറോക്രസിയുടെ മാളങ്ങളിൽനിന്ന് ദുരന്തത്തിന്റെ ഭീകരതയും ദയനീയതയും അറിയാതെ കുറെ പാമ്പുകൾ ക്യാമ്പുകളിലേക്കിറങ്ങി. കേരളം സ്വതന്ത്രമായ പ്രവർത്തനങ്ങൾക്ക് പറ്റിയ വേദിയല്ലെന്ന് പല സംഘടനകളും തിരിച്ചറിഞ്ഞു. പലരും സുനാമി ബാധിത പ്രദേശമായ തമിഴ്നാടും മറ്റു സ്ഥലങ്ങളും അന്വേഷിച്ചുപോയി.

മാധ്യമങ്ങളും, ലോകത്തെ കടലാസ് സംഘടനകൾ മുതൽ, അന്താരാഷ്ട്ര കുത്തക കമ്പനികൾ വരെ സുനാമി ദുരിതാശ്വാസ ഫണ്ടുപിരിവ് തകൃതിയായി നടത്തി. കണക്കെടുപ്പുകൾക്കും, രേഖകൾക്കുമപ്പുറം കോടിക്കണക്കിനു രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്കൊഴുകി. (ഇപ്പോഴും ഒഴുകുന്നുവെന്നാണറിയാൻ കഴിയുന്നത്). മന്ത്രിമാർ പലരും പല പത്രപ്രസ്താവനകളും നടത്തി. കേന്ദ്രം പല ഗഡു ദുരിതാശ്വാസഫണ്ട് കേരളത്തിനനുവദിച്ചതായി പത്രങ്ങൾ വാർത്തകൾ നിരത്തി. ആഗോളതലത്തിലുള്ള പണപ്പിരിവ് ആഘോഷങ്ങൾ മുതൽ വെള്ളിത്തിരയിലെ മഹാരഥന്മാർവരെ സുനാമി ദുരിത ബാധിതർക്കായി സമയം മാറ്റിവെച്ചു. കവലകൾ തോറും അനതിസാധാരണമായ പാട്ടുപ്പിരിവുകൾ ഈ മനുഷ്യർക്കുവേണ്ടി നടന്നു. അപ്പോഴും താൽക്കാലിക ക്യാമ്പുകളിൽ ജീവിതത്തിനും മരണത്തിനുമിടയിൽ, സങ്കടങ്ങൾ തുറന്നു പറയാൻ മൂന്നാമതൊരാളില്ലാതെ, ജനാധിപത്യത്തിന്റെ തത്വശാസ്ത്രമറിയാതെ ആലപ്പാട് പഞ്ചായത്തിലെ മനുഷ്യർ ജീവശ്വാസം വിട്ടുകൊണ്ടിരുന്നു.

ആലപ്പാട് പഞ്ചായത്തിലെ അമൃതാനന്ദമയി മുതൽ, പല മതവിഭാഗങ്ങളുടെയും, സന്നദ്ധസംഘടനകളുടെയും ഭക്ഷണ വിതരണ കൗണ്ടറുകൾക്കു മുമ്പിൽ അവർ പാത്രങ്ങളുമായി ജീവൻ നിലനിർത്താൻ വേണ്ടി ഇരന്നുനിന്നു. പല ക്യാമ്പുകളിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ സ്ത്രീകളും കുട്ടികളും മുതിർന്ന പെൺകുട്ടികളും നരകയാതനയിൽ സ്വപ്നങ്ങളില്ലാതെ കഴിച്ചുകൂട്ടി. അടിവസ്ത്രങ്ങളും, സോപ്പ്, എണ്ണ തുടങ്ങിയവയില്ലാതെ (അങ്ങനെ ജീവിച്ചവർ) സ്വയം ശപിച്ചു നിമിഷങ്ങളെ കൊന്നു. ഓരോ ദിവസവും ജയിൽവാസത്തിന്റെ ഓരോ വർഷങ്ങളായി തോന്നുന്നതുപോലെയാണ് അവരിൽനിന്ന് എനിക്കു മനസ്സിലായി.

ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കായി നാമമാത്ര തുക വാഗ്ദാനം ചെയ്ത് ഒരു ബാങ്ക് പാസ്ബുക്ക് നൽകി സർക്കാർ. പരിക്കുകൾ പറ്റിയവർക്ക് ആയിരം മുതൽ ആറായിരം രൂപവരെ പ്രഖ്യാപിച്ചു. ചിലർക്ക് ലഭിച്ചു. ചിലർക്ക് ഒന്നും കിട്ടിയില്ലത്രെ. കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനയച്ച ദുരന്തബാധിത തെളിവെടുപ്പ് കണക്കു പ്രകാരം കേര

ളത്തിന്റെ മലയോരഗ്രാമങ്ങൾ വരെയുണ്ടെന്ന്, ബോദ്ധ്യപ്പെട്ടു. ദുരന്തബാധിതരുടെ പേരിൽ വന്ന കോടിക്കണക്കിനു രൂപയുടെ സ്ഥിതിവിവരകണക്കുകൾ സർക്കാർ ഒരിക്കലും പുറത്തുവിട്ടില്ല. ഒരു ഗവൺമെന്റ് ഓർഡർ പോലും ഈ പ്രശ്നത്തെക്കുറിച്ച് പത്രങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. മന്ത്രിമാരുടെ പല വാഗ്ദാനങ്ങളും പത്രങ്ങൾ നിരത്തിക്കൊണ്ടേയിരുന്നു. താൽക്കാലിക ക്യാമ്പുകളിൽ രണ്ടുമാസക്കാലം ജീവിച്ചപ്പോൾ തകർന്ന സ്കൂളുകളുടെയോ, കുട്ടികളുടെ പഠനം നിലച്ചതിനെയോ കുറിച്ച് കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പിന് കൃത്യമായി ഒന്നും പറയാനുണ്ടായിരുന്നില്ല. ദുരന്തത്തിൽ പത്ത് കുട്ടികൾ മരിച്ച അഴീക്കൽ ഗവൺമെന്റ് യു.പി. സ്കൂളിലെ അധ്യാപകരും പാടെ തകർന്നതും, രണ്ട് കുട്ടികൾ മരിച്ചതുമായ സ്രായിക്കാട് എൽ.പി. സ്കൂളിലെ അധ്യാപകരും കുട്ടികൾക്കായി ക്യാമ്പുകൾ കയറിയിറങ്ങി. അവരുടെ അടിസ്ഥാന ആവശ്യങ്ങളായ ബാഗുകൾ, പുസ്തകങ്ങൾ തുടങ്ങിയവക്കായി അധ്യാപകർ സംഘടനകളോട് ഇരന്നു. പലരും ബാഗുകളും പുസ്തകങ്ങളും വിതരണം ചെയ്തു. സർക്കാർ വാഗ്ദാനങ്ങൾ നിറവേറ്റാത്തതിൽ പ്രതിഷേധിച്ച് സ്വതന്ത്ര മത്സ്യതൊഴിലാളി നേതാക്കളുടെ നേതൃത്വത്തിൽ രൂപം നൽകിയ (മതത്തിനും ജാതിക്കുമതീതമായ) സുനാമി ബാധിതരുടെ ജനകീയ സമിതി ക്യാമ്പുകളിൽ പോയി ജനങ്ങളെ ബോധ്യപ്പെടുത്തി, സർക്കാരിനെതിരെ ദുരന്തബാധിതരെ ഹൈവെ പിക്കറ്റിംഗ് സമരത്തിലേക്ക് നയിച്ചു. എന്നിട്ടും മുഖ്യമന്ത്രിയും ബ്യൂറോക്രാറ്റുകളും പ്രസ്താവനകളിൽ ഒതുങ്ങിനിന്നു.

പിന്നീട്, താൽക്കാലിക ക്യാമ്പുകളിൽ നിന്ന്, ചുട്ടുപഴുത്തു പൊള്ളുന്ന പോലെയുള്ള ജി.ഐ. ഷീറ്റുകളുടെ താൽക്കാലിക ഷെൽട്ടറുകളിലേക്ക് ദുരന്തബാധിതരെ മാറ്റിപ്പാർപ്പിച്ചു. അപ്പോഴും സ്ത്രീകളും കുട്ടികളും ദുരന്തത്തിന്റെ മറ്റൊരു തീരത്തേക്കുതന്നെ യാത്രയാവുകയായിരുന്നു. അവരുടെ ഒരു ശബ്ദവും ആരും കേട്ടില്ല. ഇത് ഇപ്പോഴും തുടരുന്നു.

സ്ഥിരം വീടുകൾ മുഴുവൻ പണിയാൻ അമൃതാനന്ദമയിക്ക് അനുവാദം നൽകണമെന്ന് സർക്കാരിനോട് വാദിച്ചു. ആലപ്പാട് പഞ്ചായത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്ന മറ്റു ക്രിസ്തീയ, സന്നദ്ധ സംഘടനകൾ ഈ വാദത്തിനെതിരെ രംഗത്തുവന്നു. തങ്ങൾക്കും സ്ഥിരം വീടുകൾ പണിയാൻ അനുവാദം നൽകണമെന്നായിരുന്നു അവരുടെ വാദം. സർക്കാർ പറയുന്നതുപോലെ പണിയണമെന്ന ധാരണയോടെ, ഒരിക്കലും തീരദേശത്തെ മത്സ്യതൊഴിലാളികൾക്ക് ഉതകാത്ത പ്ലാൻ തയ്യാറാക്കി സർക്കാർ സംഘടനകളുടെയും അനുവദിച്ച വീടുകളുടെയും കണക്കുകൾ പുറത്തുവിട്ടു. കേരളത്തിനു ലഭിച്ച സുനാമി ദുരിതാശ്വാസ ഫണ്ട് എവിടെപ്പോയി എന്ന ചോദ്യം ഇതോടെ അസ്തമിച്ചു. പ്രതികരണ ശേഷിയും ശബ്ദവുമില്ലാത്ത ആലപ്പാട് പഞ്ചായത്തിലെ, വർഗ്ഗവിവേചനത്തിനും, കളങ്കത്തിനും അടിമപ്പെടാത്ത മനുഷ്യരുടെ വായ് മൂടികെട്ടിക്കൊണ്ട് ഇങ്ങനെ ഉമ്മൻചാണ്ടി സർക്കാർ വീണ്ടും വിജയിച്ചതായി വാർത്തയെഴുതി.

തങ്ങളുടെ ആവശ്യപ്രകാരം വീടുകൾ അനുവദിക്കാത്തതിന്റെ പ്രതിഷേധമെന്നോണം, അമൃതാനന്ദമയി, സ്വന്തം ചുറ്റുപാടിലെ സ്നേഹിക്കാൻ മാത്രമറിയാവുന്ന മനുഷ്യർക്കിടയിൽ വർഗ്ഗവിവേചനം നടത്തി കാര്യം നേടാനായി ഹിന്ദുത്വ വാദികളെ പഞ്ചായത്തിലേക്ക് രഹസ്യമായി വിളിച്ചുവരുത്തി. അമൃതാനന്ദമയി അടക്കമുള്ള, വീടുകൾ അനുവദിക്കപ്പെട്ട ഒരു സംഘടനക്കും സ്ഥിരം വീടുകളുടെ നിർമ്മാണം തുടങ്ങാത്ത അവസ്ഥയാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. ആര്, എന്തു നൽകിയാലും സ്നേഹത്തോടെ സ്വീകരിക്കാൻമാത്രം മനസ്സു മാറ്റി വെക്കപ്പെടാൻ വിധിക്കപ്പെട്ട ആലപ്പാട് പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്കിടയിൽ അങ്ങനെ, കുമ്മനം രാജശേഖരനും, മാറാട് കലാപത്തിനു ചുക്കാൻ പിടിച്ച മാറാട് സുരേഷും സ്ഥാനമുണ്ടാക്കാൻ ശ്രമിക്കുകയാണിപ്പോൾ. ഒരു ഹിന്ദുത്വവാദി പോലുമില്ലാതിരുന്ന, ഇന്നേവരെ വർഗ്ഗീയതയുടെ വിദ്വേഷം ഇല്ലാതിരുന്ന ആ കൊച്ചുഗ്രാമത്തിൽ, അമൃതാനന്ദമയിയുടെ സഹായമില്ലാതെ, എങ്ങനെ ഈ തീവ്രഹിന്ദുത്വവാദികൾ നുഴഞ്ഞുകയറി എന്ന ചോദ്യത്തിനുപിന്നിൽ എനിക്കു പലതും കണ്ടെത്താനായി. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ അതിന് നിശബ്ദ പിന്തുണ നൽകുന്നുവെന്ന എന്റെ കണ്ടെത്തലിന് നിരവധി ഉദാഹരണങ്ങൾ, അവിടെയുള്ള യുവാക്കളിൽ നിന്നുതന്നെ എനിക്ക് ബോദ്ധ്യപ്പെട്ടു. കടലിനെ മാത്രമറിയാവുന്ന അവർക്കിടയിൽ, ഡൽഹിയിൽനിന്ന് ഹിന്ദുത്വ അജണ്ടയുടെ സൂത്രധാരരിൽ പ്രമുഖനായ അശോക് സിംഗാൾ അങ്ങനെ ആലപ്പാട് കടപ്പുറത്തെത്തി. നിരവധി വിഷം പുരണ്ട പോസ്റ്ററുകൾ പഞ്ചായത്തിൽ ദിവസവും പ്രത്യക്ഷപ്പെടുന്നു. ആരാണിതിനെല്ലാം പണം നൽകുന്നതെന്ന എന്റെ സംശയത്തിന് ഇവിടെ സ്ഥലം പോര.

സഹായം നൽകി, നൽകി, അങ്ങനെയങ്ങനെ അവരെ ഇവർ എന്താക്കും? ഉമ്മൻചാണ്ടിയും അങ്ങനെ (ജനാധിപത്യ) കേരളത്തിന്റെ ചരിത്രത്തിൽ കുറച്ചുകൂടി നല്ല ഒരു സ്ഥാനം കണ്ടെത്തിയേക്കാം. ആർക്കറിയാം? *(അവസാനിക്കുന്നില്ല)*

*'ശ്രുതി', തിരൂർ, മലപ്പുറം*


കേരളീയം

അടുത്ത ലക്കത്തിൽ പ്രതീക്ഷിക്കുക

● വിദേശ നിക്ഷേപം : കാണാകുരുക്കുകൾ അഥവാ സൂപ്പർ മാർക്കറ്റുകൾ അപകടത്തിലേക്ക് - ഹരികൃഷ്ണൻ ജി.

● അനിയന്ത്രിത കൊലപാതകങ്ങൾക്ക് ഔദ്യോഗിക അനുമതി - നിത്യാനന്ദ് ജയരാമൻ

*വാർത്തകൾ, പഠനക്കുറിപ്പുകൾ, വിശകലനങ്ങൾ, അനുഭവം.......*

MBA
M.Sc. Bio Informatics
MCA
SENSORIUM
N.P. Complex, Mannath Lane
M.G. Road, Trichur
Ph : 95-487 2320478. Mobile : 94470 20478